# <u>അമ്മവീട്</u>

(ജോർജ് നടവയൽ)



സ്ഥിതിയിത്

നിരന്തര ചഞ്ചലിതം,

കാലമിത്

അതിദ്രുത പമ്പരം.

!!!!!!!!!!!!!!!!!!!!!!!!!!!!!

തത്വങ്ങൾ

തോലുരിയും

നാഗസാഗരം.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ആട്ടിൻ തോലണിഞ്ഞ

രക്ത രക്ഷസ്സാം

ലഹരിമോന്തിയ മാനവീയം.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ചുംബിച്ചു വില്ക്കും വിപ്ലവം

മായാമോഹവിഹാരനടനം:

!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ഇത്തരമായ്,

രുദ്രമായ്,

ചാമ്പലാക്കുന്നിവർ

നമ്മുടെ അമ്മ വീട്.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ഇന്നമ്മതൻ

ചോരയും നീരും

ഊറ്റി രസിപ്പോരാം

ഇക്കശ്മല–

ദുരാഗ്രഹക്കൂട്ടങ്ങൾ:

ചപ്പും ചവറും

ഗോഗ്വാ വിളികളും

പട്ടിയും

ഹിംസ്ര ജന്തുക്കളും കൊണ്ട്,

കോഴിക്കുടലും പശുപ്പണ്ടങ്ങളും

തെണ്ടിപ്പരിഷത്തുപ്പലും

നാറ്റിത്തൂത്തൂളുന്നൂ

നിരത്തുകൾ തോറും.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ഇത്തെമ്മാടി–

പ്പുതുപ്പണക്കൂട്ടങ്ങടെ

ഗർവ്വാം വാഹനം

മുട്ടി വീഴും

അശരരണരുടെ

അന്ത്യശ്വാസച്ചുടുചോരയും

ശ്വസിച്ചുള്ളു

നരകമാക്കി

ക്രൂരരിവർ

വിഷക്കിരീടാഭിഷേകം ചെയ്യുന്നമ്മയെ.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

തെരുവു പോക്കിരികൾക്ക്

സാധുക്കടെ കണ്ണുതുളയ്ക്കാൻ,

തലപിളർത്താർത്തു രസിക്കാൻ,

ട്രെയിനിലേക്കെറിയും കല്ലാൽ,

കീറപ്പ്ളാസ്റ്റിക് പരവതാനി മൂടിയ
പുഴകളാൽ,
ആഫ്രിക്കൻ പായൽ പന്തൽ വിരിച്ച
വയലേലകളാൽ,
വൃദ്ധ മദ്ധ്യവയസ്ക്കരുടെ
ബാല ശിശു വേഴ്ച്ചകളാൽ,
കാമം മൂത്തമ്മ
കാമുകനോടൊക്കാൻ
കൊല്ലും
മക്കടെ തുറുകണ്ണുകളാൽ,
ലിംഗോദ്ധാരണ –
നരകവ്യാധി
പൂണ്ടച്ഛൻ സ്ഖലിച്ച
മകളുടെ തുട –
യിടുക്കിൽ സ്രവിച്ച
മരണച്ചോരയാൽ,
വിഷം ചീറ്റുമൊരു
കാർക്കോടക സർപ്പം
ചുറ്റിത്തകരും
കേരള ജനനീ ....
ഇത്തിരി

പോരുമൊരാശ്വാസത്തിൻ

തണലണയ്ക്കാനില്ലല്ലോ...

നിന്നുടെ വാർകൂന്തലാം

ശുദ്ധനീലം തഴച്ച

ഹരിതവനമൊട്ടുമെങ്ങും....

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

കായ്ക്കും വാഴയിലും

പൂക്കും കതിർക്കുലയിലും

വിഷം;

വിഷം മാത്രം.

വിത്തിടുന്നതും വിഷത്തിൽ

മുളയ്ക്കുന്നതും വിഷത്തിൽ,

തളിർപ്പതും വിഷത്തിൽ,

കൊയ്തുവില്പ്പതും വിഷത്തിൽ:

ചാരേ വാഴും കൃഷിവണിക്കുകളും

ഇതു കേരളാവുക്കെന്ന്

തമിഴ്ത്തായ് വഴികളും.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

മന്ത്രികളും സിനിമാക്കാരും

ഒരേപോലെ

ഫ്ളെക്സുകളിൽ

ചിരി വഴിയുന്നൂ,

ജനം

മൂക്കു പിഴിയുന്നൂ,

ഓക്കാനം കൊണ്ടു

കോക്രികാട്ടുന്നൂ

നാറ്റമെവിടെയും.

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ഭരണ രാഷ്ട്രീയ താവളങ്ങളിൽ

സ്വൈരിണികൾ

ഇറച്ചിക്കറി

വിറ്റു വിലസ്സുന്നൂ.....

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

നമ്മുടെ ജന്മനാട്, അമ്മ വീട്,

ചിട്ടിയിട്ടെടുത്ത

ക്രൂശിതന്റെ

അങ്കി പോലെ.